തൊഴിൽദായകർക്ക് തൊഴിലന്വേഷകരെ സംബന്ധിച്ചുള്ള ഓൺലൈൻ വിവരങ്ങൾ നൽകുന്നതിനുള്ള സ്ഥാപനങ്ങൾ

37 [3551] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരും ഉന്നത വിദ്യാഭ്യാസം നേടിയവരുമായ യുവജനങ്ങൾക്ക് വിദേശങ്ങളിലും വൻകിട സ്ഥാപനങ്ങളിലും തൊഴിലവസരങ്ങൾ നേടിക്കൊടുക്കാനുതകുന്ന തരത്തിലുള്ളതും തൊഴിൽദായകർക്ക് തൊഴിലന്വേഷകരെ സംബന്ധിച്ച് വിശദവിവരങ്ങൾ ഓൺലൈൻ സംവിധാനംവഴി നൽകുവാനുതകുന്നതുമായ ഒരു സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തുള്ള പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരും ഉന്നതവിദ്യാഭ്യാസം നേടിയവരുമായ ഉദ്യോഗാർത്ഥികൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഡേറ്റാബേസ് അടങ്ങുന്ന ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വെബ്സൈറ്റ് 9-6-2004-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. വിദേശരാജ്യങ്ങളിലെയും വൻകിട സ്ഥാപനങ്ങളിലെയും തൊഴിൽദായകർ ഉൾപ്പെടെ എല്ലാ തൊഴിൽദായകർക്കും ഈ ഡേറ്റാബേസിൽനിന്നും ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ സംവിധാനംവഴി ശേഖരിക്കാവുന്നതാണ്. കൂടാതെ, ഈ വെബ്സൈറ്റ് മുഖാന്തിരം സൗകര്യ തൊഴിൽദായകർക്ക് തങ്ങളുടെ സ്ഥാപനത്തിലെ ഒഴിവുകൾ പരസ്യപ്പെടുത്താനും കഴിയുന്നു. യാതൊരു തപാൽ ചെലവുമില്ലാതെ ഓൺലൈൻ സംവിധാനംവഴി അപേക്ഷ സമർപ്പിക്കുവാനും മറുപടിയായി ഉദ്യോഗദായകനിൽനിന്നും ഇന്റർവ്യൂ അറിയിപ്പ്/നിയമന അറിയിപ്പ് എന്നിവ സ്വീകരിക്കാനും കഴിയുന്നു.

നിയമവിരുദ്ധമായി അടച്ചുപൂട്ടിയ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് നടപടി

38 [3552] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസഥാനത്ത് പൂട്ടിക്കിടക്കുന്ന എത്ര തോട്ടങ്ങൾ ഉണ്ടെന്നും അവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; ഇവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) നിയമവിരുദ്ധമായി അടച്ച് പൂട്ടിയ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 37 തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നു. ഇവ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി എന്റെ നേതൃത്വത്തിൽ ഉടമകളും യൂണിയൻ പ്രതിനിധികളുമായി നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. അവ തുടരുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് ശ്രദ്ധേയമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. തോട്ടങ്ങളെ 2003-2004, 2004-2005 വർഷങ്ങളിൽ പ്ലാന്റേഷൻ ടാക്സിൽനിന്നും അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തുറന്നു പ്രവർത്തിപ്പിക്കുവാൻ തയ്യാറാകുന്ന തോട്ടം ഉടമകളെ വൈദ്യുതിയുടെ മിനിമം ഡിമാന്റ് ചാർജ്ജ് ഇളവു ചെയ്ത് കൊടുക്കാൻ തീരുമാനിച്ചു. വൈദ്യുതി കുടിശ്ശിക തവണകളായി അടച്ചുതീർക്കുവാൻ അനുവാദം നൽകി. തേയിലയുടെ ലേലത്തിലെ അപാകതകൾ പരിഹരിക്കുവാൻ ഫെർഗൂസൺ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തേയിലയുടെ വിലയിൽ നേരിയതോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേന്ദ്ര വാണിജ്യ വകുപ്പ് തോട്ടങ്ങളുടെ രക്ഷയ്ക്കായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ ശ്രമഫലമായി ആസ്സാം ബ്രൂക്ക്, പുള്ളിക്കാനം, ഹെലിബേറിയ എന്നീ എസ്റ്റേറ്റുകൾ തുറന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് നിയമപ്രകാരം സംസ്ഥാന സർക്കാരിന് അധികാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly